LIBRARY ARCHIVES Kerala Legislative Assembly

എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗരറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ പൊതുകടം 2011-12-ൽ (31-3-2012 വരെ) 89418.18 കോടി രൂപയായിരുന്നു. ആയത് 2014-15-ലെ പൊതുകടമായ 135440.24 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 51.47 ശതമാനം വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്.

(ഡി) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി 2011 മാർച്ചിൽ 3673.86 കോടി രൂപയും ആയത് 2015 മെയ് മാസത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 196.44 കോടി രൂപയുമായിരുന്നു.

കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനം

105 (3614) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സെക്രട്ടേറിയറ്റ് സ്പെഷ്യൽ റൂളിന്റെ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനകാര്യ വകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ എൻട്രി കേഡറിലെ നിലവിലുള്ള കേഡർ സ്ട്രെംഗ്ത് എത്ര; ആയതിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റം വഴി ലഭിക്കേണ്ട 20% തസ്തികകളിൽ എത്ര കമ്പ്യൂട്ടർ അസിസ്റ്റന്റ് /കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ അസിസ്റ്റന്റായി ജോലി നോക്കുന്നുണ്ടെന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഇനിയും എത്രപേർക്ക് ഈ രീതിയിൽ നിയമനം നൽകാനുണ്ട്;

(ഡി) കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമിക്കപ്പെടേണ്ട ഒഴിവുകളിൽ നിയമനം നൽകുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പരാതികളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിൽ അസിസ്റ്റന്റ് എൻട്രി കേഡറിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റം വഴി നൽകാനുള്ള 20 ശതമാനം തസ്തികകളിൽ എത്ര പേർക്ക് നിയമനം നൽകേണ്ടതായിരുന്നു?

ഉത്തരം

(എ) ധനകാര്യവകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട് നിലവിലുള്ള സെക്രട്ടേറിയറ്റ് സ്പെഷ്യൽ റൂളിന്റെ ലംഘനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ധനകാര്യവകുപ്പിലെ അസിസ്റ്റന്റ് തസ്തികയിലെ എൻട്രി കേഡറിലെ നിലവിലുള്ള കേഡർ സ്ട്രെംഗ്ത് 101. മൊത്തമായും കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നിവർക്ക് തസ്തികമാറ്റം വഴി ലഭിക്കേണ്ട 20% തസ്തികകളിൽ 7 കമ്പ്യൂട്ടർ അസിസ്റ്റന്റ്, 3 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, 7 കമ്പ്യൂട്ടർ അസിസ്റ്റന്റ് ടൈപ്പിനിമാർ, 3 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പിനിമാർ എന്നിവർ ജോലി നോക്കുന്നുണ്ട്. അങ്ങനെ മൊത്തം 20 കമ്പ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ അസിസ്റ്റന്റ് കേഡറിൽ ജോലി നോക്കി വരുന്നു.

(സി) ഈ രീതിയിലുള്ള 20% തസ്തികകളിൽ മുഴുവൻ നിയമനവും നൽകിയിട്ടുണ്ട്.

(ഡി) കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റന്റായി നിയമിക്കപ്പെടേണ്ട ഒഴിവുകളിൽ നിയമനം നൽകുന്നതിൽ കാലതാമസം ഇല്ല. ഇതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

(ഇ) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യവകുപ്പിൽ അസിസ്റ്റന്റ് എൻട്രി കേഡറിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് തസ്തികമാറ്റം വഴി നൽകാനുള്ള 20 ശതമാനം തസ്തികകളിൽ വേക്കൻസി വന്ന മുറയ്ക്ക് മുഴുവൻ പേർക്കും നിയമനം നൽകിയിട്ടുണ്ട്.

GPM. 2/235/2020-24

LIBRARY ARCHIVES Kerala Legislative Assembly